പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 466 19.03.2013 -ൽ മറുപടിക്ക്

ഡീസൽ വില വർദ്ധനവു കാരണം കെ.എസ്.ആർ.ടി.സി.

ക്കുള്ള അധിക ചെലവ്

ചോദ്യം

ശ്രീ. എം. ചന്ദ്രൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേന്ദ്രസർക്കാർ കെ.എസ്.ആർ.ടി.സി.യെ ഡീസലിന്റെ ബൾക്ക് പർച്ചേസർ എന്ന വിഭാഗത്തിൽപ്പെടുത്തിയതിനു ശേഷം എത്ര രൂപയായാണ് കെ.എസ്.ആർ.ടി.സി.ക്ക് നൽകുന്ന ഒരു ലിറ്റർ ഡീസലിന്റെ വിലയായി നിശ്ചയിച്ചിട്ടുള്ളത്; | (എ) | 63 രൂപ 32 പൈസയാണ് ഒരു ലിറ്റർ ഡീസലിന് വിലയായി നിശ്ചയിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത വില പൊതു മാർക്കറ്റിലേതിനേക്കാൾ ലിറ്ററിന് എത്ര രൂപയാണ് കൂടുതലെന്ന് വ്യക്തമാക്കുമോ; | (ബി) | പൊതുമാർക്കറ്റ് വിലയേക്കാൾ ഒരു ലിറ്ററിന് 12 രൂപ 46 പൈസയാണ് കൂടുതൽ. |
| (സി) | വില വർദ്ധനവ് കാരണം കെ.എസ്.ആർ.ടി.സി.ക്ക് ഒരു മാസം എത്ര രൂപയാണ് അധിക ചെലവ് വരുന്നത്; | (സി) | വിലവർദ്ധനവുമൂലം ഏകദേശം 18 കോടി രൂപയാണ് പ്രതിമാസം അധിക ചെലവ് വരുന്നത്. |
| (ഡി) | പ്രസ്തുത അധിക ചെലവ് നികത്തുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും സഹായം ലഭ്യമായിട്ടുണ്ടോ; | (ഡി) | അധിക ചെലവ് നികത്തുന്നതിനായി സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. |
| (ഇ) | എങ്കിൽ എത്ര രൂപയുടെ സഹായമാണ് ലഭ്യമായിട്ടുള്ളതെന്നു വ്യക്തമാക്കുമോ? | (ഇ) | തുടക്കത്തിൽ രണ്ട്മാസത്തേക്കുള്ള സാമ്പത്തിക സഹായമായി 28 കോടി രൂപ അനുവദിച്ചു. കൂടാതെ സ്പെഷ്യൽ പാക്കേജ് ഇനത്തിൽ 50 കോടി രൂപയും മാർച്ച് മാസത്തിൽ 25 കോടി രൂപയും കെ.എസ്.ആർ.ടി.സി. യ്ക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ